## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - ശ്രീമതി. ഇന്ദു പി എം, ലെ സെക്രട്ടറി & ട്രഷറർ, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA No. 541/2025 - ന്മേലുള്ള 18/06/2025 - ലെ അന്തിമ ഉത്തരവ് - അനുപാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) OA No. 541/2025 - ന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 18/06/2025 - ലെ അന്തിമ ഉത്തരവ്.

2) ശ്രീമതി. ഇന്ദു പി എം, ലെ സെക്രട്ടറി & ട്രഷറർ സമർപ്പിച്ച അപേക്ഷ, തീയതി : 25/06/2025.

**ഉത്തരവ് നം : DHS/9851/2025-ED3 തിയതി : 27-06-2025**

ഇടുക്കി ജില്ലയിലെ കട്ടപ്പന താലൂക്ക് ആശുപത്രിയിലെ ലെ-സെക്രട്ടറി & ട്രഷറർ ആയ ശ്രീമതി. ഇന്ദു പി എം, ഫയൽ ചെയ്ത OA No. 541/2025-ലെ പരാമർശം 1-ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടിയാളെ കോട്ടയം ജില്ലയിലെ പാമ്പാടി താലൂക് ആസ്ഥാന ആശുപത്രിയിൽ നിലവിൽ ഒഴിവുള്ള ലെ സെക്രട്ടറി & ട്രഷറർ തസ്തികയിലേക്ക് സ്ഥലംമാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. ശ്രീമതി. ഇന്ദു പി എം-നെ വിടുതൽ ചെയ്യുന്നതിനുവേണ്ട നടപടി കട്ടപ്പന താലൂക് ആശുപത്രി സൂപ്രണ്ട് സ്വീകരിക്കേണ്ടതാണ്.

3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യുണലിന്റെ OA No. 541/2025 - ന്മേലുള്ള 18/06/2025 - ലെ ഉത്തരവ് മേൽ പ്രകാരം അനുപാലിച്ച് ഉത്തരവാകുന്നു.

Signed by
Reena K J
Date: 27-06-2025 19:17:49

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്: ശ്രീമതി. ഇന്ദു പി എം, ലെ സെക്രട്ടറി & ട്രഷറർ, താലൂക്ക്

ആശുപത്രി, കട്ടപ്പന.

പകർപ്പ് :

1) അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2) അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം.
3) ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം), ഇടുക്കി
4) ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം), കോട്ടയം
5) സൂപ്രണ്ട്, താലൂക് ആശുപത്രി, കട്ടപ്പന, ഇടുക്കി
6) സൂപ്രണ്ട്, താലൂക് ആസ്ഥാന അശുപത്രി, പാമ്പാടി, കോട്ടയം
7) ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
8) ഫയൽ/കരുതൽ ഫയൽ.